**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5592** **03-11-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യക്ഷേമ പെൻഷനുകൾ പുനരാരംഭിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മസ്റ്ററിംഗ് നടക്കാത്തതുമൂലം ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളാണ് തടയപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | 5 വിഭാഗങ്ങളായിട്ടാണ് സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകിവരുന്നത്. 1. വാർദ്ധക്യ കാല പെൻഷൻ 2. വിധവാ പെൻഷൻ 3. ഡിസെബിലിറ്റി പെൻഷൻ 4. 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ. 5. കർഷകതൊഴിലാളി പെൻഷൻ കൂടാതെ വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേനയും ക്ഷേമപെൻഷനുകൾ നൽകുന്നുണ്ട്. 2019 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളായിരുന്നവരിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകളാണ് തടയപ്പെട്ടിരിക്കുന്നത്. |
| (ബി) | പെൻഷൻ വിതരണവും മസ്റ്ററിംഗും സംബന്ധിച്ച് യഥാസമയം അറിയിപ്പ് കൊടുക്കുന്നതിൽ വന്ന വീഴ്ചയ്ക്ക് പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ? | (ബി) | ബയോമെട്രിക് മസ്റ്ററിംഗ് സംബന്ധിച്ച അറിയിപ്പുകൾ മാധ്യമങ്ങൾ മുഖേനയും പ്രാദേശിക സർക്കാരുകൾ മുഖേനയും യഥാസമയം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ